**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3458** **14.10.2011-ൽ മറുപടിക്ക്.**

## സിനിമാ തീയേറ്ററുകളിലെ സൗകര്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>**ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ. പി.സി. ജോർജ്** | | **ശ്രീ. കെ. ബി. ഗണേഷ് കുമാർ**<br>**(ബഹു:** വനവും<br>**സ്പോർട്സും** സിനിമയും **വകുപ്പ് മന്ത്രി)** |
| (എ) സിനിമാ തീയേറ്ററുകളിൽ ടിക്കറ്റ് റിസർവ്വേഷന് ചാർജ് ഈടാക്കുന്ന സമ്പ്രദായം എന്നു മുതലാണ് നിലവിൽ വന്നത്; ഇപ്രകാരം തുക ഈടാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഓരോ തിയേറ്ററും പ്രവർത്തനം ആരംഭിക്കുന്നതു മുതൽ റിസർവേഷൻ ചാർജ്ജ് ഈടാക്കി വരുന്നു. ഇത് ഓരോ തിയേറ്ററുകളുടേയും ഉടമയുടെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്. |
| (ബി) റിസർവ്വേഷൻ ചാർജ്ജിനത്തിൽ ഈടാക്കുന്ന തുക എന്താവശ്യത്തിനായി വിനിയോഗിക്കുന്നു; തുക ചെലവഴിക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (ബി) | റിസർവേഷൻ ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന തുക തിയേറ്ററുകളുടെ അറ്റകുറ്റപ്പണികൾക്കും തിയേറ്ററുകളുടെ ദൈനംദിനം ചെലവുകൾക്കുമാണ് ഉപയോഗപ്പെടുത്തുന്നത്. |
| (സി) ഇപ്രകാരം സിനിമാ തീയേറ്ററുകൾ ഈടാക്കുന്ന തുകയെ സംബന്ധിച്ച് പ്രതിമാസ കണക്കുകൾ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;<br>(ഡി) സിനിമാ ആസ്വാദകരിൽ നിന്ന് വിവിധ പേരുകളിൽ ഈടാക്കുന്ന തുകയ്ക്ക് ആനുപാതികമായ സൗകര്യങ്ങൾ തീയേറ്ററുകളിൽ ഉറപ്പുവരുത്താൻ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ? | (സി) & (ഡി) | ഇക്കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്നതിനാൽ ടി വകുപ്പുമായി കൂടിയാലോചന നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ.